അത് അപേക്ഷാ തീയതിയായ 2-4-96 മുതൽക്ക് അനുവദിക്കുകയും ചെയ്തു. തുടർന്ന് 1-8-82 മുതൽ മുൻകാല പ്രാബല്യത്തോട് കൂടി പെൻഷൻ അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചു. നിലവിലുള്ള നിയമപ്രകാരം മുൻകാല പ്രാബല്യത്തോട് കൂടി ഇൻവാലിഡ് പെൻഷൻ അനുവദിക്കാൻ വ്യവസ്ഥയില്ല, ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പെൻഷൻ അനുവദിച്ചുകൊണ്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ 6-11-2001-ലെ ഉത്തരവിന്റെ പകർപ്പ് † അനുബന്ധമായി ചേർത്തിരിക്കുന്നു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി—സ്പെഷ്യൽ റൂൾസും പി. എസ്. സി. വഴിയുള്ള അദ്ധ്യാപക നിയമനവും.

152[772] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് പി.എസ്.സി. വഴി വി.എച്ച്.എസ്.ഇ. അദ്ധ്യാപകരെ നിയമിക്കാത്തതെന്ന് വിശദമാക്കുമോ;

(ഡി) വി.എച്ച്.എസ്.ഇ.-യിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള പി.എസ്.സി. നോട്ടിഫിക്കേഷൻ എന്നത്തേക്ക് പുറപ്പെടുവിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഗവൺമെന്റ് വൊക്കേഷണൽ സ്കൂൾ അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ട്. അതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.†

(ബി) ചോദ്യം ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം നിയമനം നടത്തുന്നതിന് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. പി.എസ്.സി. സെലക്ഷൻ നടപടികൾ പൂർത്തിയാക്കാത്തതുകൊണ്ടാണ് നിയമനം വൈകുന്നത്.

(ഡി) രണ്ടുമാസത്തിനുള്ളിൽ പുറപ്പെടുവിക്കുന്നതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

തൃക്കരിപ്പൂർ പോളിടെക്നിക്കിന് എ. ഐ. സി. ടി. ഇ.-യുടെ സ്ഥിരാംഗീകാരം ലഭിക്കാനുള്ള നടപടി

153[773] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം നഷ്ടപ്പെട്ട സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ പട്ടികയിൽ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അംഗീകാരം പുനഃസ്ഥാപിച്ചു കിട്ടുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പത്തേക്കർ ഭൂമിയും എ.ഐ.സി.ടി.ഇ. നിബന്ധന പ്രകാരമുള്ള കെട്ടിട സൗകര്യവും ഹോസ്റ്റൽ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടങ്ങളും പൂർത്തിയായി വരുന്ന ഈ പോളിടെക്നിക്കിന് എ.ഐ.സി.ടി.ഇ.-യുടെ സ്ഥിരാംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉൾപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ 2004-2005 വർഷത്തേക്ക് താൽക്കാലിക അംഗീകാരം എ.ഐ.സി.ടി.ഇ. നൽകിയിട്ടുണ്ട്. എ.ഐ.സി.ടി.ഇ. സ്ഥിരാംഗീകാരം നൽകാറില്ല.

LIBRARY ARCHIVES Kerala Legislative Assembly